പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.2095 | 07/03/2017 ൽ മറുപടി നല്കേണ്ടത് |
|---|---|

**ഭക്ഷ്യ വസ്തുക്കളിലെ മായം ചേർക്കൽ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി. കെ. സി. മമ്മത്കോയ** | | ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ഭക്ഷ്യ വസ്തുക്കളിലെ മായം ചേർക്കലും മറ്റ് കൃത്രിമങ്ങളെയും കുറിച്ച് പരാതിപ്പെടുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; | എ) | ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കലും മറ്റ് കൃത്രിമങ്ങളെയും കുറിച്ച്പരാതിപ്പെടുന്നതിന് ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിൽ ഓഫീസ് സമയങ്ങളിൽ 1800 425 1125 എന്ന ടോൾഫ്രീ നമ്പറും ഇതുകൂടാതെ foodsafetykerala@gmail.com എന്ന മെയിൽ ഐഡിയും ഉപയോഗിക്കാവുന്നതാണ്. ജില്ലാ ഓഫീസുകളിൽ അതാതു ജില്ലകളിലെ അസിസ്റ്റന്റ് ഫുഡ് സേഫ്റ്റി കമ്മീഷണർമാരുടെ മൊബൈൽ നമ്പറുകളിലും, ഓഫീസ് നമ്പറുകളിലും, മെയിൽ ഐഡിയിലും പരാതികൾ അറിയിക്കാവുന്നതാണ്. ഓരോ നിയമസഭ നിയോജകമണ്ഡലത്തിലും ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ നിയന്ത്രണത്തിൽ ഫുഡ് സേഫ്റ്റി സർക്കിൾ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ മൊബൈൽ നമ്പറിലും മെയിൽ ഐഡിയിലും പരാതിപ്പെടാവുന്നതാണ്. |
| ബി) | നിലവിലുള്ള സംവിധാനങ്ങൾ ഇതിന് പര്യാപ്തമാണോ; അല്ലെങ്കിൽ ഇനിയും എന്തൊക്കെയാണ് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നത് ? | ബി) | നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണ്. പരാതികൾ കൂടുതൽ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് ഒരു മൊബൈൽ ആപ്പ് ഉടൻ തന്നെ ഫുഡ് സേഫ്റ്റി ഡിപ്പാർട്ട്മെന്റ് നടപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ